**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1577** **13-02-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച ക്ലെയിമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച എത്ര രൂപയുടെ ക്ലെയിമുകൾ നിലവിൽ വിതരണം ചെയ്യാനുണ്ടെന്നറിയിക്കുമോ; | (എ) | **നിലവിൽ കാർഷിക കടാശ്വാസ കമ്മീഷൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത് അയച്ച 274.11 കോടി രൂപയുടെ ക്ലെയിമുകളിൽ സഹകരണസംഘം രജിസ്ട്രാർ പരിശോധനയ്ക്കുശേഷം ലഭ്യമാക്കിയ 188.01 കോടി രൂപ വിതരണം ചെയ്യാനുണ്ട്.** |
| (ബി) | ഏത് കാലയളവ് മുതലുള്ള ക്ലെയിമുകളാണ് വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ 84.57 കോടി രൂപ ഈയിനത്തിൽ അനുവദിച്ചിട്ടുണ്ട്. 2021 മുതലുള്ള ക്ലെയിമുകളാണ് ഇനി വിതരണം ചെയ്യാനുള്ളത്. |
| (സി) | നിലവിൽ ഏതു വർഷം വരെയുള്ള ക്ലെയിമുകളാണ് സ്വീകരിച്ചതെന്നും പ്രസ്തുത ക്ലെയിമുകളിൽ എത്രയെണ്ണത്തിന് തുക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | ഇടുക്കി, വയനാട് ജില്ലകളുടെ 30.08.2020 വരെയുള്ള ക്ലെയിമുകളും മറ്റ് ജില്ലകളുടെ 31.03.2016 വരെയുള്ള ക്ലെയിമുകളുമാണ് സ്വീകരിച്ചിട്ടുള്ളത്. **കടാശ്വാസ കമ്മീഷൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത 36635 ക്ലെയിമുകൾക്ക് തുക വിതരണം ചെയ്യാനുണ്ട്.** |

സെക്ഷൻ ഓഫീസർ